LIBRARY ARCHIVES Kerala Legislative Assembly

(6) മണ്ണാർക്കാട് ടൗണിൽ ബൈപാസ് റോഡ് പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, കേരളത്തിലെ ഏറ്റവും വലിയ താലൂക്കുകളിൽ ഒന്നായ മണ്ണാർക്കാട് ആസ്ഥാനമായ മണ്ണാർക്കാട് ടൗണിൽ വണ്ടികൾ മണിക്കൂറുകളോളം ജാമായി നിൽക്കുകയാണ്. ഇതിനൊരു പ്രതിവിധി ബൈപാസ് റോഡാണ്. ബൈപാസ് ഉൽഘാടനം ചെയ്തുവെങ്കിലും അലൈൻമെന്റ് പൂർത്തിയാക്കാത്തതിന്റെ പേരിൽ ഇന്നും ആ ബൈപാസ് ഗതാഗതയോഗ്യമല്ല. ഈ സാഹചര്യത്തിൽ അടിയന്തരമായി ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഇടപെട്ട് മണ്ണാർക്കാട് ടൗണിനെ ഗതാഗതക്കുരുക്കിൽ നിന്ന് രക്ഷപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) : സർ, എം.എൽ.എ. റോഡ് പദ്ധതി പ്രകാരം 19-6-2003-ൽ പൂർത്തീകരിച്ച 3 കിലോമീറ്റർ നീളംവരുന്ന എൻ.എച്ച് 213-ലെ മണ്ണാർക്കാട് ബൈപാസ് 98/800-ൽ തുടങ്ങി നെല്ലിപ്പുഴ പാലത്തിനു സമീപം അവസാനിക്കുന്നു. ഈ റോഡ് പുനരുദ്ധാരണം നടത്തി 16-1-2001-ൽ ഗതാഗതത്തിനായി തുറന്നുകൊടുക്കുകയുണ്ടായി. നാഷണൽ ഹൈവേ 213-ന്റെ റീ-അലൈൻമെന്റ് സർവ്വേ ഇതുവരെ കഴിഞ്ഞിട്ടില്ല. പ്രസ്തുത സർവ്വേ കഴിഞ്ഞ് ബൈപാസ് റോഡിനാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തിക്കഴിയുമ്പോൾ മണ്ണാർക്കാട് ടൗണിന്റെ ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാകുന്നതാണ്.

IV റിപ്പോർട്ട് സമർപ്പണം

(1) പരിസ്ഥിതി സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

ശ്രീ. ജോർജ് ജെ. മാത്യു : സർ, പരിസ്ഥിതി സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ : സർ, അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.